# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. SEPTEMBER 2023. ₹ 5.00

VOL.10 - ISSUE NO.12 - DATE OF PUBLICATION 25TH SEPTEMBER, 2023 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24




## സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് സംസ്ഥാന സർക്കാരിനോടൊപ്പം കേന്ദ്ര സർക്കാരിന്റെയും പങ്ക് അനിവാര്യം


6 സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് സംസ്ഥാന സർക്കാരിനോടൊപ്പം കേന്ദ്ര സർക്കാരിന്റെയും പങ്ക് അനിവാര്യം

3 പ്രശ്നങ്ങൾ പരിഹാര വഴികൾ

4 മൈക്രോ ആന്റ് സ്മോൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ

12 മിഷൻ 1000 സംരംഭങ്ങൾക്ക് നിരവധി പുത്തൻ ആനുകൂല്യങ്ങൾ

13 പരാതി പരിഹാരത്തിന് മേഖലാ തലത്തിൽ ഫെസിലിറ്റേഷൻ കൗൺസിലുകൾ

14 ഭക്ഷ്യ സംസ്കരണ മേഖലയിലെ യുണിറ്റുകൾക്ക് 35% സബ്സിഡിയോടെ വായ്പ

17 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്ക് 5 കോടി രൂപ വരെ, വായ്പയ്ക്ക് ഈട് വേണ്ട

GOVERNMENT OF KERALA

Kerala State Industrial Development Corporation Ltd.
KSIDC

# ELEVATE YOUR BUSINESS TO NEW HEIGHTS



## KSIDC INDUSTRIAL PARKS

Creating a robust infrastructure fueling economic growth, stimulating investments and generating employment

INDUSTRIAL GROWTH CENTRES
ALAPPUZHA | KOZHIKODE | KANNUR

SECTOR SPECIFIC PARKS

BIO 360 LIFE SCIENCES PARK, THIRUVANANTHAPURAM | MEGA FOOD PARK, CHERTHALA
BUSINESS PARK, ANGAMALY | INVESTMENT ZONE, PALAKKAD
INDUSTRIAL PARK, KUTTIYADI | INDUSTRIAL SPACE, KASARGOD

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
Head Office: Keston Road, Kowdiar, Thiruvananthapuram-695003 | Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016
Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road, Ashokapuram, Kozhikode – 673 001
Ph: No: 0471-2318922, 0484-2323010 | enquiry@ksidcmail.org | www.ksidc.org
Follow us on

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road,
Kanhirangad, Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal **(South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan **(Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal **(North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**
A. Nizarudeen Mob: 94477 10078
P. J. Jose Mob: 98460 53553
Rajesh. G Mob: 98957 03837
Thomas Mathew Mob: 94470 46411


**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

KSSIA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION SEPTEMBER 2023 ₹ 5.00

## എഡിറ്റോറിയൽ

# പ്രശ്നങ്ങൾ പരിഹാര വഴികൾ



പുറമേ നിന്നു നോക്കുമ്പോൾ സുഗമമായി പ്രവർത്തിക്കുന്ന ഫാക്ടറികൾ, ജീവനക്കാർ, പുറത്തിറങ്ങുന്ന ഉൽപ്പന്നങ്ങൾ...

ഈ നിലയിൽ ഒരു ഫാക്ടറിയുടെ പ്രവർത്തനം എത്തുന്നതിൽ വലുതും ചെറുതുമായ ഒരുപാട് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ, സാങ്കേതിക കാര്യങ്ങൾ എന്നിങ്ങനെ പലതും. ഇത് സംബന്ധിച്ച് ഞങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വ്യവസായികളും എല്ലാ കാര്യങ്ങളും അറിയണമെന്നില്ല. സാങ്കേതിക കാര്യങ്ങളിലും നടപടിക്രമങ്ങളിലും നമ്മെ സഹായിക്കാനായി വിദഗ്ധരായ ഉദ്യോഗസ്ഥരെയും ടെക്നീഷ്യന്മാരെയും ഉൾപ്പെടുത്തി ഒരു ചെറുസംഘം അനുഭവസ്ഥരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്താൻ നമ്മിൽ പലരും അമാന്തം കാണിക്കുന്നു. ചെറിയ അറിവുകൾ പലപ്പോഴും വലിയ സഹായമായി ഭവിക്കാറുണ്ട്. പല സാമ്പത്തിക നഷ്ടങ്ങൾക്കും അത് പരിഹാരമായി തീരാറുമുണ്ട്.

എന്റെ ഒരു അനുഭവം, ഇവിടെ ആവർത്തിക്കുന്നതിൽ അപാകത ഇല്ലെന്ന് തോന്നുന്നു. വർഷങ്ങളായി, ഫാക്ടറിയിലേക്ക് ട്രാൻസ്ഫോർമറിൽ നിന്നും സപ്ലൈ തരുന്ന ഫ്യൂസ് ഇടയ്ക്കിടെ ബ്രേക്ക് ആയി പണിമുടങ്ങും. നീണ്ട വർഷങ്ങൾ പിന്നിട്ടിട്ടും അത് തുടർന്ന് അന്വേഷണത്തിൽ ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരും നമ്മുടെ ഇലക്ട്രീഷ്യന്മാരും ലോഡ് കൂടുതലാണ് എന്ന ഉത്തരം ആവർത്തിച്ചു കൊണ്ടിരുന്നു.

നമ്മുടെ മാസികയിൽ സംശയനിവാരണം തരുന്ന വിദഗ്ധരോട് അന്വേഷിച്ചു. സിറാമിക് ഫ്യൂസ് മാറ്റി എച്ച്ആർഡി ഫ്യൂസ് നിർദ്ദേശിച്ചു. ഇതോടെ ഈ പ്രശ്നം അവസാനിച്ചു. ഫ്യൂസ് ബ്രേക്ക് ആയിട്ടില്ല. ഇതുപോലെ തന്നെ, പവർ ഫാക്ടർ പെനാൽറ്റി എല്ലാ മാസവും അടയ്ക്കേണ്ട അവസ്ഥയായിരുന്നു. കാരണം, ഓരോ മോട്ടറിലെയും കപ്പാസിറ്ററുകൾ ആറുമാസത്തിനുള്ളിൽ തന്നെ പ്രവർത്തനം നിലയ്ക്കും. ഇതൊരു തുടർക്കഥയായപ്പോൾ, പിന്നീട് കപ്പാസിറ്റർ തന്നെ വയ്ക്കാതെയായി. കപ്പാസിറ്റർ ഏകോപിപ്പിച്ചു ഒരു പാനൽ ബോർഡ് സ്ഥാപിക്കാൻ അവരുടെ നിർദേശം നടപ്പിലാക്കിയപ്പോൾ ആ പ്രശ്നവും തീർന്നു 5 മാസത്തിലെ പെനാൽറ്റി തുകയെ അതിനായി ചെലവഴിക്കേണ്ടി വന്നുള്ളൂ. എന്നതാണ് രസകരമായ കാര്യം.

ജി.എസ്.ടി., ലേബർ, ബാങ്ക്, സർക്കാർ ഉത്തരവുകൾ തുടങ്ങി വ്യവസായവുമായി ബന്ധപ്പെട്ട് അനേകം സംശയങ്ങളും പ്രശ്നങ്ങളും നമുക്ക് ഉണ്ടാവാം. അതിനുള്ള ഏക പരിഹാരം മാർഗ്ഗം, വിദഗ്ധരോട് ഉപദേശം തേടുക മാത്രമേ ഉള്ളൂ. അതിനുള്ള അവസരമാണ് വ്യവസായ സുഹൃത്തുക്കൾക്കായി ഞങ്ങൾ ഒരുക്കിയിരിക്കുന്ന ചോദ്യോത്തര പംക്തി. നാം അത് പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

പ്രശ്നങ്ങൾ പരിഹരിക്കാനും സംശയങ്ങൾ ദുരീകരിക്കാനും എപ്പോഴും ഞങ്ങൾ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. വ്യവസായ പുരോഗതിയാണ് നമ്മുടെ ലക്ഷ്യം.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

KSSIA NEWS
SEPTEMBER 2023

പ്രസിഡൻഷ്യൽ റിപ്പോർട്ട്



# മൈക്രോ ആന്റ് സ്മോൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ



ഉല്പാദക/സേവന സംരംഭ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ/സേവനങ്ങൾ വിപണനം ചെയ്തതിനു ശേഷം/സേവനം നൽകിയതിന് ശേഷം യഥാസമയം പ്രതിഫലം (തുക) ലഭിക്കാതെ കാലതാമസം വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം ഈടാക്കി ഉല്പാദകന്/സേവന ദാതാവിനു നൽകാൻ പര്യാപ്തമായ അർദ്ധ ജുഡീഷ്യൽ സ്വഭാവമുള്ള സംവിധാനമാണ് മൈക്രോ & സ്മോൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ഈ കൗൺസിലിന്റെ ചെയർമാനും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ്, എസ്.എൽ.ബി.സി. കൺവീനർ എന്നിവർ അംഗങ്ങളുമാണ്. രാജ്യത്തുടനീളമുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഫെസിലിറ്റേഷൻ കൗൺസിലുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന്. കേന്ദ്ര സർക്കാർ നേരത്തെ മാതൃകാ ചട്ടങ്ങൾ തയ്യാറാക്കിയിരുന്നു. എം.എസ്.എം.ഇ. സമാധാൻ വെബ് പോർട്ടലിലൂടെ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ ബാഹുല്യം പരിഗണിച്ച് സമയബന്ധതമായി നീതി ലഭ്യമാക്കുന്നതിന് സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിലിന്റെ കൂടുതൽ ബെഞ്ചുകൾ രൂപികരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംരംഭകരുടെ പരാതികൾ/അപേക്ഷകൾ വളരെ വേഗത്തിൽ തീർപ്പാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ കൗൺസിലുകൾ രൂപികരിച്ചിട്ടുള്ളത്. എം.എസ്.എം.ഇ.ഡി. ആക്റ്റ് 2006 നിയമത്തിലെ വകുപ്പ് 20, 30 പ്രകാരമാണ് റീജിയണൽ കൗൺസിലുകൾ രൂപികരിച്ചിട്ടുള്ളത്.

ഭാരത സർക്കാരിന്റെ എം.എസ്.എം.ഇ.ഡി. ആക്റ്റ് 2006 നിയമ പ്രകാരം വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സംസ്ഥാന എം.എസ്.ഇ.എഫ്.സി. പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ റീജിയണൽ കൗൺസിലുകൾ രൂപികരിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർ ഏർപ്പെട്ടിരിക്കുന്ന സാധന സേവന വിപണനവുമായി ലഭിക്കേണ്ടതായ പണത്തിന് കാലതാമസം നേരിടുകയോ (delayed payment) ലഭിക്കാതെ വരികയോ ചെയ്യുന്ന പക്ഷം ആയതിന്റെ പരിഹാരത്തിനായി മേൽ കൗൺസിലുകളെ സമീപിക്കാവുന്നതാണ്. സംരംഭകർ കേരള സംസ്ഥാനത്തിനുള്ളിൽ ഉദ്യം രജിസ്ട്രേഷൻ/ഉദ്യോഗ് ആധാർ മെമ്മോറാണ്ടം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരാകണം. സംരംഭകർ അവരുടെ പരാതികൾ https://samadhaan.msme.gov.in എന്ന വെബ് പോർട്ടൽ വഴി ആവശ്യം വേണ്ട രേഖകൾ ഉൾപ്പടെ അപേക്ഷ സമർപ്പിക്കണം.

## കൗൺസിലിന്റെ ഘടന

(i) **സംസ്ഥാന സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിൽ:** കൗൺസിലിൽ സർക്കാർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കും.

- വ്യവസായ വാണിജ്യ ഡയറക്ടർ – ചെയർപേഴ്സൺ.
- കൺവീനർ, സ്റ്റേറ്റ് ലെവർ ബാങ്കേഴ്സ് കമ്മിറ്റി അല്ലെങ്കിൽ കേരളത്തിലെ ലീഡ് ബാങ്കിന്റെ ഡെപ്യൂട്ടി ജനറൽ മാനേജർ.
- കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ പ്രസിഡന്റ്.
- സർക്കാരിന്റെ നിയമവകുപ്പിൽ നിന്ന് സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ.

(ii) **റീജിയണൽ സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിൽ:** കൗൺസിലിൽ സർക്കാർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കും.

- ജനറൽ മാനേജർ, തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ചെയർപേഴ്സൺ.
- റീജിയണൽ കൗൺസിൽ സ്ഥിതി ചെയ്യുന്ന ജില്ലയിലെ ലീഡ് ഡിസ്ട്രിക്റ്റ് ബാങ്ക് മാനേജർ.
- കെ.എസ്.എസ്.ഐ.എ. സംസ്ഥാന വൈസ് പ്രസിഡന്റ് (സൗത്ത് സോൺ, തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന കൗൺസിലിനായിട്ട്, സെൻട്രൽ സോൺ, എറണാകുളത്ത് സ്ഥിതി ചെയ്യുന്ന കൗൺസിലിനായിട്ട്, നോർത്ത് സോൺ, കോഴിക്കോട് സ്ഥിതി ചെയ്യുന്ന കൗൺസിലിനായിട്ട്.
- സർക്കാരിന്റെ നിയമവകുപ്പിൽ നിന്ന് സർക്കാർ ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ അല്ലെങ്കിൽ റീജിയണൽ കൗൺസിൽ സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാ ഓഫീസർ.

## കൗൺസിലിന്റെ അധികാരപരിധി

നിയമത്തിന്റെ 20–ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന താഴെ പറയുന്ന അധികാര പരിധി കൗൺസിലുകൾക്ക് ഉണ്ടായിരിക്കുന്നതാണ്.

(i) കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഒരു കോടി രൂപക്കുമേൽ അവകാശവാദം (ക്ലെയിം) ഉന്നയിച്ചിട്ടുള്ള ആവലാതിയുള്ള എം.എസ്.ഇ. കളുടെ ഡയറക്ടറേറ്റിലെ സംസ്ഥാന സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിലിൽ പരിഗണിക്കുന്നതാണ്. മറ്റെല്ലാ അപേക്ഷകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിലുകളിൽ അതിന്റെ അധികാര പരിധി അനുസരിച്ച് പരിഗണിക്കാവുന്നതാണ്.

(ii) **റീജിയണൽ സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിൽ, ജില്ലാ വ്യവസായ കേന്ദ്രം, തിരുവനന്തപുരം:** തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലയിൽ ഉദ്യോഗ് ആധാർ ആർജ്ജിച്ചിട്ടുള്ള അല്ലെങ്കിൽ ഉദ്യം രജിസ്ട്രേഷൻ നേടിയിട്ടുള്ള എം.എസ്.ഇ. യൂണിറ്റിന്റെ (അപേക്ഷകൻ) എം.എസ്.എം.ഇ. സമാധാൻ വെബ് പോർട്ടൽ വഴി സമർപ്പിച്ചിട്ടുള്ള ഒരു കോടി രൂപയ്ക്കു താഴെ അവകാശവാദം (ക്ലെയിം) ഉന്നയിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിക്കുന്നതാണ്.

(iii) **റീജിയണൽ സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിൽ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം:** കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ (ഏരിയ) ഉദ്യോഗ് ആധാർ ആർജ്ജിച്ചിട്ടുള്ള അല്ലെങ്കിൽ ഉദ്യം രജിസ്ട്രേഷൻ നേടിയിട്ടുള്ള എം.എസ്.ഇ. യൂണിറ്റിന്റെ (അപേക്ഷകൻ) എം.എസ്.എം.ഇ. സമാധാൻ വെബ് പോർട്ടൽ വഴി സമർപ്പിച്ചിട്ടുള്ള ഒരു കോടി രൂപയ്ക്കു താഴെ അവകാശവാദം ഉന്നയിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിക്കുന്നതാണ്.

(iv) **റീജിയണൽ സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിൽ, ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്:** മലപ്പുറം, കോഴിക്കോട് വയനാട് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉദ്യോഗ് ആധാർ ആർജ്ജിച്ചിട്ടുള്ള അല്ലെങ്കിൽ ഉദ്യം രജിസ്ട്രേഷൻ നേടിയിട്ടുള്ള എം.എസ്.ഇ. യൂണിറ്റിന്റെ (അപേക്ഷകൻ) എം.എസ്.എം.ഇ. സമാധാൻ വെബ് പോർട്ടൽ വഴി സമർപ്പിച്ചിട്ടുള്ള ഒരു കോടി രൂപയ്ക്കു താഴെ അവകാശവാദം ഉന്നയിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**



## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

## സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക്

# കേന്ദ്ര ഏജൻസികളുടെ പങ്ക് അനിവാര്യം



**സംസ്ഥാന സർക്കാരിന്റെ സഹായ പദ്ധതികളും സേവനങ്ങളും കൊണ്ട് മാത്രം വ്യവസായ മേഖലയുടെ വികസനത്തിനു ലക്ഷ്യം കാണില്ല. കേന്ദ്ര സഹായ പദ്ധതികളുടെ ആനുകൂല്യങ്ങൾ സംരംഭകർക്ക് ലഭ്യമാകുകയും നിർത്തലാക്കിയ പല ആനുകൂല്യങ്ങളും പുനരാരംഭിക്കുകയും വേണം.**

നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ പ്രത്യേകിച്ച് എം.എസ്. എം.ഇ. കളുടെ വികസനത്തിന് കേന്ദ്ര വ്യവസായ വികസന ഏജൻസികളുടെ ഉത്തരവാദിത്വത്തിന് വൻ പ്രാധാന്യമുണ്ട്. കേന്ദ്ര വ്യവസായ മന്ത്രാലയത്തിന്റെ നിയമം അനുസരിച്ചാണ് എം.എസ്.എം.ഇ. കൾക്ക് വ്യവസായ റജിസ്ട്രേഷൻ/ഉദ്യം റജിസ്ട്രേഷൻ നല്കുന്നത്. എം.എസ്.എം.ഇ. കളുടെ നിർവ്വചനം നിശ്ചയിക്കുന്നതും കേന്ദ്ര വ്യവസായ മന്ത്രാലയമാണ്. രാജ്യത്തിന്റെ തൊഴിൽ വികസനത്തിനും റവന്യു വരുമാനത്തിനും ഈ മേഖല നല്കുന്ന സംഭാവന വളരെ വലുതാണ്. രാജ്യത്തിന്റെ 40 ശതമാനത്തിലധികം വിദേശ നാണ്യം നേടി തരുന്നതും ഈ മേഖലയാണ്. ഈ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിനോടൊപ്പം കേന്ദ്ര സർക്കാരിന്റെയും പങ്കിന്റെ പ്രാധാന്യമാണ് നമ്മുടെ മുമ്പിലുള്ളത്.

സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടത് സംസ്ഥാന സർക്കാർ തന്നെയാണ്. സംരംഭകർക്ക് ലൈസൻസുകൾ അനുവദിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഉദാസീനതകളും കാലതാമസവും പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സമീപനങ്ങൾ ഈയടുത്ത കാലം വരെ അനുകൂലമായിരുന്നില്ല. ഭൂമിയുടെ ലഭ്യത കുറവും, ബാങ്കുകളുടെ നിസ്സഹകരണവും, അസംസ്കൃത സാധനങ്ങൾ മിക്കവാറും കൊണ്ടു വരേണ്ടത് അന്യ സംസ്ഥാനങ്ങളിൽ നിന്നുമാണ്. ഭാരിച്ച ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ് കൂടിയാവുമ്പോൾ ഉല്പന്നങ്ങളുടെ വില വർദ്ധിക്കും. സുഗമമായ ചരക്ക് ഗതാഗതത്തിന് വീതിയുള്ള റോഡുകളുടെ അഭാവം, പൊതു മേഖല സ്ഥാപനങ്ങൾ പ്രൈസ് പ്രിഫറൻസ് പോളിസി ഉത്തരവ് നടപ്പാക്കുന്നതിന് വിമുഖത കാട്ടൽ, സാധനങ്ങൾ സപ്ലൈ ചെയ്തു കഴിഞ്ഞാൽ സമയാസമയങ്ങളിൽ സപ്ലൈ ചെയ്ത വകയിലുള്ള തുക ലഭിക്കാതിരിക്കൽ തുടങ്ങിയ വിഷയങ്ങളിൽ എം.എസ്.എം. ഇ. കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയായിരുന്നു. എന്നാൽ വ്യവസായ മേഖലയുടെ ഈ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ വേണ്ടി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനു 7 ആക്റ്റുകളും 10 റൂളുകളും ഭേദഗതി ചെയ്ത ലൈസൻസിന്റെ കാലാവധി 5 വർഷമാക്കി, പുതുക്കുന്നതിനും ഇത് ബാധകം.

പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ അടച്ചു പൂട്ടൽമെമ്മോ നല്കാനുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരം റദ്ദാക്കി, നോക്കുകൂലി സമ്പ്രദായം നിരോധിച്ചു, ലാന്റ് അലോട്ട്മെന്റ് പോളിസി വ്യവസ്ഥകൾ ലഘൂകരിക്കാനും സ്വകാര്യ പാർക്കുകൾ നടത്തുന്നതിന് അനുവാദം നല്കി കൊണ്ടുള്ള നടപടികൾ സ്വീകരിച്ച്, 50 കോടി രൂപ വരെ റെഡ് കാറ്റഗറി ഒഴിച്ചുള്ള സംരംഭങ്ങൾ തുടങ്ങാൻ തുടക്കത്തിൽ ലൈസൻസും പെർമിറ്റും ഒഴിവാക്കി വ്യവസായം തുടങ്ങി 3 വർഷത്തിനു ശേഷം നിയമാനുസൃതമായ ലൈസൻസ് എടുത്താൽ മതി. വ്യവസായികളുടെ പ്രശ്നങ്ങൾ അതാത് സമയത്ത് ചർച്ച ചെയ്തു പരിഹരിക്കുന്നതിനും സംസ്ഥാന–ജില്ലാതല ഗ്രീവെൻസ് റിഡ്രസ്സൽ കമ്മിറ്റികൾ നിലവിൽ വന്നു. പുതിയ സംരംഭകർക്കും ആധുനിവൽക്കരണം, വിപൂലികരണം നടത്തുന്ന നിലവിലുള്ള സംരംഭകർക്കും 30 മുതൽ 40 ശതമാനം വരെ മൂലധന സബ്സിഡി അനുവദിച്ചു തുടങ്ങിയ ഒട്ടേറെ വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

എന്നാൽ സംസ്ഥാന സർക്കാരിന്റെ സഹായ പദ്ധതികളും സേവനങ്ങളും കൊണ്ട് മാത്രം വ്യവസായ മേഖലയുടെ വികസനത്തിനു ലക്ഷ്യം കാണില്ല. കേന്ദ്ര സഹായ പദ്ധതികളുടെ ആനുകൂല്യങ്ങൾ സംരംഭകർക്ക് ലഭ്യമാകുകയും നിർത്തലാക്കിയ പല ആനുകൂല്യങ്ങളും പുനരാരംഭിക്കുകയും വേണം. നിർത്തലാക്കിയ കേന്ദ്ര ഇൻവെസ്റ്റ്മെന്റ് സബ്സിഡി പുനസ്ഥാപിക്കൽ, ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി സ്കീം സ്ഥിരമായി നടപ്പാക്കൽ, ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി പ്രകാരം സ്വകാര്യ വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കൽ, വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും ഭൂമി വാങ്ങുന്നതിനുമുള്ള ഫണ്ട് അനുവദിക്കൽ, അന്യ സംസ്ഥാനങ്ങളിൽ നിന്നും അസംസ്കൃത സാധനങ്ങൾ കൊണ്ടു വരുന്നതിന് മുൻ കാലങ്ങളിൽ നല്കി വന്നിരുന്ന ട്രാൻസ് പോർട്ടിങ്ങ് ചെലവ് സബ്സിഡിയായി നല്കൽ, കാർഷിക മേഖലയ്ക്ക് നല്കുന്ന പലിശ നിരക്കിൽ വായ്പകൾ നല്കുകയോ, ബാങ്കുകളുടെ പലിശ നിരക്കിലുള്ള വ്യത്യാസം സബ്സിഡിയായി നല്കുക തുടങ്ങിയ ആനുകൂല്യങ്ങൾ നടപ്പാക്കാനുള്ള നടപടികൾ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായാലേ വ്യവസായങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയുള്ളു.

സംസ്ഥാന സർക്കാരിന്റെ വ്യവസായ പദ്ധതികൾ എത്രമാത്രം പൂർണ്ണമായി നടപ്പാക്കിയാലും കേന്ദ്ര സഹായ പദ്ധതികൾ അനുസരിച്ച് ആനുകൂല്യം ലഭിക്കാതിരുന്നാൽ സംരംഭങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും. ഇത് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ റാങ്ക് നിശ്ചയിക്കുന്നതിനു ദോഷകരമായി ബാധിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികളും ആനുകൂല്യങ്ങളും സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതോടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും മൊത്തം വ്യവസായ വികസനം യാഥാർത്ഥ്യമാകു. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

Glen John
+91 98477 65312
Deepak N.D.
+91 94959 46561

Off : +91 70349 31000
pcmpbvr@gmail.com
www.periyarcrushermachine.com

PCM
Periyar Crusher Machines Pvt. Ltd.
Mayoorapuram, Kurichilakkode P.O.,
Perumabavoor, Ernakulam Dist, Kerala - 683 544

• Crusher Related Machines • Special Grade Casting
• Foundry with Heat Treatment Processing
• All Types of Fabrication works

All types of Crusher Spares, Jaw Plates & Side Plates,
HSI & VSI Spares,Earth Movers Spares



# ചോദ്യോത്തര പംക്തി

**ചോദ്യം:** ഞാൻ പ്രൈവറ്റ് വ്യക്തികൾക്കും സർക്കാർ ഡിപ്പാർട്ട്മെന്റുകൾക്കും കരാർ അടിസ്ഥാനത്തിൽ ചെയ്തു കൊടുക്കുന്ന ഒരു വർക്ക്സ് കോൺട്രാക്റ്റർ ആണ്. ഏറ്റെടുക്കുന്ന ജോലികൾ അതാത് വർഷം പൂർത്തിയാക്കി അപ്പോൾതന്നെ ഞാൻ ഇൻവോയ്സ് ഇഷ്യൂ ചെയ്യാറുണ്ട്. ഏങ്കിലും സർക്കാരിന് ചെയ്തു കൊടുക്കുന്ന ജോലികളിൽ പണം ലഭിക്കുന്നത് അടുത്ത സാമ്പത്തിക വർഷത്തിലോ, ചില സാഹചര്യങ്ങളിൽ അതിനും അടുത്ത സാമ്പത്തിക വർഷത്തിലോ ആയിരിക്കും. പണം ലഭിക്കാതെ ജി.എസ്.റ്റി. അടയ്ക്കാനുള്ള സാമ്പത്തിക സ്ഥിതി എനിക്കില്ല. അതുകൊണ്ട് പണം ലഭിക്കുന്ന മാസത്തിലെ റിട്ടേണിലാണ് ഞാൻ സപ്ലൈ രേഖപ്പെടുത്തുന്നതും നികുതിയടയ്ക്കുന്നതും, ഞാൻ ചെയ്യുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ? എനിക്ക് എന്തെങ്കിലും കുഴപ്പം വരാൻ സാധ്യതയുണ്ടോ?

**ശ്രീ. അനിൽകുമാർ, കൊല്ലം**

**ഉത്തരം:**

**വിതരണം ചെയ്യേണ്ട സമയം ശ്രദ്ധിച്ചേ പറ്റൂ, തെറ്റിയാൽ പലിശയും പെനാൽറ്റിയും കാത്തിരിക്കുന്നു.**



**അഡ്വ. കെ. എസ്. ഹരിഹരൻ**

ബഹുഭൂരിപക്ഷം കരാർ പണിക്കാരും, PWD പോലുള്ള സർക്കാർ ഡിപ്പാർട്ട്മെന്റുകൾക്കായി കരാർപണി ചെയ്തു കൊടുക്കുന്നവർ പ്രത്യേകിച്ചും, ഒരു വർഷത്തിൽ പണി പൂർത്തിയാക്കി ഇൻവോയ്സ് ഇഷ്യൂ ചെയ്യുകയും, അവർക്ക് അടുത്ത ഏതെങ്കിലും വർഷത്തിൽ ആ ഇൻവോയ്സ് തുക ടി.ഡി.എസ്. ഉം മറ്റും കിഴിച്ച ശേഷം സർക്കാർ നൽകുകയും ചെയ്യുന്നതായി കാണാം. ഇത്തരം സാഹചര്യങ്ങളിൽ സർക്കാർ പണം നൽകുന്ന വർഷത്തിലെ ജി.എസ്.റ്റി. റിട്ടേണിൽ ആ സപ്ലൈയുടെ കാര്യം രേഖപ്പെടുത്തി ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിലേക്ക് നികുതിടയച്ചാൽ മതി എന്ന തെറ്റായ ധാരണ പല കരാർപ്പണിക്കാർക്കും ഉണ്ട്. ഇത് അവർക്ക് വൻ ബാധ്യതകൾ വരുത്തിവയ്ക്കും.

കരാർപണിയെ സംബന്ധിച്ച് കരാർ പണിക്കാരന് പ്രതിഫലം ലഭിക്കുന്നത് മുൻകൂർ ആയിട്ടാണെങ്കിൽ, ആ പണം ലഭിക്കുന്ന സമയമാണ് അയാളുടെ സപ്ലൈ – സമയം. പക്ഷേ പണി പൂർത്തിയാക്കി ഇൻവോയ്സ് ഇഷ്യൂ ചെയ്യുന്നത് ആദ്യവും പ്രതിഫലം ലഭിക്കുന്നത് പിന്നീടും ആണെങ്കിൽ, ആ പണിയെ സംബന്ധിച്ച് കരാർ പണിക്കാരൻ ഇൻവോയ്സ് ഇഷ്യൂ ചെയ്യുന്ന സമയം ആണ് അയാളുടെ സപ്ലൈ – സമയം പ്രതിഫലം ലഭിക്കുന്ന സമയമല്ല. ഇൻവോയ്സ് ഇഷ്യൂ ചെയ്യുന്ന മാസത്തിലെ ജി.എസ്.റ്റി. റിട്ടേണിൽ അയാൾ ആ തുക സപ്ലൈ ആയി കാണിക്കേണ്ടതും, അതിന് അടയ്ക്കേണ്ടതായ ജി.എസ്.റ്റി. തുക തൊട്ടടുത്ത മാസം ഇരുപതാം തീയതിയ്ക്കുള്ളിൽ സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്. പിന്നീട് അയാൾക്ക് പ്രതിഫലം ലഭിച്ചാലും ലഭിച്ചില്ലെങ്കിലും ജി.എസ്.റ്റി. വകുപ്പിനെ സംബന്ധിച്ച് അക്കാര്യം പ്രസക്തമല്ല. ചുരുക്കത്തിൽ, ഒരു കരാർപണിക്കാരൻ ഇൻവോയ്സ് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിൽ, അയാൾക്ക് പ്രതിഫലം ലഭിച്ചാലും ലഭിച്ചില്ലെങ്കിലും ജി.എസ്.റ്റി വകുപ്പിനെ സംബന്ധിച്ച് അക്കാര്യം പ്രസക്തമല്ല. ചുരുക്കത്തിൽ, ഒരു കരാർപണിക്കാരൻ ഇൻവോയ്സ് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിൽ, അയാൾക്ക് സർക്കാരിൽനിന്നും പൈസ കിട്ടിയാലും ഇല്ലെങ്കിലും ഇൻവോയ്സ് ഇഷ്യൂ ചെയ്ത മാസത്തിലെ റിട്ടേണിനൊപ്പം നികുതിടയയ്ക്കാൻ ആ കരാർപ്പണിക്കാരൻ ബാധ്യസ്ഥനാണ്.

ഉദാഹരണത്തിന്, 2022 ജനുവരിയിൽ PWD യ്ക്ക് ഇൻവോയ്സ് ഇഷ്യൂ ചെയ്ത കരാർപണിയ്ക്ക് 2023 ജനുവരിയിൽ PWD ൽ നിന്നും പണം അനുവദിച്ചു കിട്ടിയെന്ന് വെക്കുക. ഇൻവോയ്സ് ഇഷ്യൂ ചെയ്തത് 2022 ജനുവരിയിൽ ആയതിനാൽ 2022 ജനുവരിയിലെ റിട്ടേണിൽ ആ സപ്ലൈ രേഖപ്പെടുത്തുകയും 2022 ഫെബ്രുവരി 20 –നുള്ളിൽ സർക്കാരിലേക്ക് ആ സപ്ലൈയെ സംബന്ധിച്ച നികുതി തുക അടയ്ക്കുകയും ചെയ്യാൻ കരാർപണിക്കാരൻ ബാധ്യസ്ഥനാണ്. പണം കിട്ടിയത് 2023 ജനുവരിയിലായതിനാൽ, 2023 ജനുവരിയിലെ ജി.എസ്.റ്റി. റിട്ടേണിൽ ആ സപ്ലൈ കാണിച്ച് ഫെബ്രുവരി 20– നുള്ളിൽ ജി.എസ്.റ്റി. അടച്ചാൽ മതി എന്ന തെറ്റിദ്ധാരണ നല്ലൊരു ശതമാനം കരാർ പണിക്കാരും വെച്ചു പുലർത്തുന്നുണ്ട്. ഇങ്ങനെ തെറ്റിദ്ധാരണയുടെ പുറത്ത് വൈകി നികുതി അടയ്ക്കുന്നവരെ കാത്തിരിക്കുന്നത് പിഴയും, വൻ പലിശയും ആണ്. 2022 ഫെബ്രുവരി 20 മുതൽ ആ കരാർ പണിക്കാരൻ നികുതിടയ്ക്കുന്ന 2023 ഫെബ്രുവരി 20–ാം തിയതി വരെയുള്ള കാലയളവിലേക്ക് പലിശ കണക്കു കൂട്ടി അതും, നികുതി കൃത്യസമയത്ത് അടയ്ക്കാത്ത കുറ്റത്തിന്റെ പേരിലുള്ള പെനാൽറ്റിയും അടയ്ക്കാൻ നിർദ്ദേശിക്കുന്ന നോട്ടീസോ ഓർഡറോ സർക്കാരിൽ നിന്ന് അയാൾക്ക് തീർച്ചയായും വരുന്നതാണ്. ഇത്തരത്തിലുള്ള നോട്ടീസോ ഓർഡറോ വരുമ്പോൾ മാത്രമേ പലരും തങ്ങൾക്ക് പറ്റിയ അബദ്ധം തിരിച്ചറിയുകയുള്ളൂ. അപ്പോഴേക്കും നേരം ഒരുപാട് വൈകിപ്പോയിട്ടും ഉണ്ടാവും. 2017 മുതൽക്കേ ടാക്സ് പ്രൊഫഷണലുകൾ ഈ നിയമവശത്തെപ്പറ്റി കരാർപണിക്കാരെ ബോധവത്കരിച്ചു വരുന്നുണ്ട്. പക്ഷേ നല്ലൊരു ശതമാനം പേരും ഈ നിയമവശം ശരിയായി മനസിലാക്കിയിട്ടില്ല എന്നതാണ് ഖേദകരമായ വസ്തുത.

2017–18 കാലഘട്ടം മുതൽ ഈ അബദ്ധത്തിന്റെ പുറത്ത് നികുതി വൈകി അടച്ചു കൊണ്ടിരിക്കുന്ന നിരവധി കരാർ പണിക്കാരുണ്ട്. അവർക്കെല്ലാം ഇപ്പോൾ പ്രതിവർഷം 18 ശതമാനമെന്ന നിരക്കിലുള്ള വൻ പലിശയും നികുതിത്തുകയ്ക്ക് തുല്യമായത്ര പെനാൽറ്റിയും ചുമത്തിക്കൊണ്ടുള്ള നോട്ടീസുകളും ഓർഡറുകളും ലഭിച്ചുകൊണ്ടിരിക്കുകയാണ്.

മറ്റൊരു വിഭാഗം കരാർപണിക്കാർ പണിയെടുക്കുന്നുണ്ടെങ്കിലും ഇൻവോയ്സ് ഇഷ്യൂ ചെയ്യാതെ, പകരം സർക്കാർ ലോഗ്ബൂക്ക് അനുസരിച്ച് ബിൽ കൊടുക്കുന്നതായും, തുടർന്ന് നിൽ റിട്ടേൺ ഫയൽ ചെയ്യുന്നതായും കണ്ടുവരുന്നുണ്ട്. ഇൻവോയ്സ് ഇഷ്യൂ ചെയ്യേണ്ട സ്ഥലത്ത് ഇതുപോലെ ഇൻവോയ്സ് ഇഷ്യൂ ചെയ്യാതെ രക്ഷപ്പെടാൻ ശ്രമിക്കുന്നവർക്കെതിരെ സി.ജി.എസ്.റ്റി ആക്റ്റിന്റെ സെക്ഷൻ 74 പ്രകാരമുള്ള കഠിനമായ പിഴകളും പലിശയും മറ്റു ശിക്ഷാനടപടികളും എടുക്കപ്പെടുന്നതാണ് എന്നും കരാർ പണിക്കാർ വളരെയധികം ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

കഴിഞ്ഞു പോയ കാലഘട്ടങ്ങളെക്കുറിച്ചൊന്നും ചെയ്യാൻ ഇനി സാധ്യമല്ല, ഇനിയങ്ങോട്ടുള്ള കാലത്തെങ്കിലും കൃത്യമായ നിയമവശം മനസ്സിലാക്കി ടൈം ഓഫ് സപ്ലൈ ഏത് മാസത്തിലാണോ വരുന്നത്, ആ മാസത്തിലെ റിട്ടേണിൽ സപ്ലൈ രേഖപ്പെടുത്തി നികുതിയടയ്ക്കാൻ എല്ലാ കരാർ പണിക്കാരും ജാഗരൂകരായിരിക്കുക. കൂടാതെ, ഇൻവോയ്സ് ഇഷ്യൂ ചെയ്യേണ്ട സാഹചര്യങ്ങളിൽ ലോഗ്ബുക്കിൽ ബിൽ രേഖപ്പെടുത്തിയതുകൊണ്ട് മതിയാവുകയില്ല, ഇൻവോയ്സ് ഇഷ്യൂ ചെയ്ത് റിട്ടേൺ സമർപ്പിക്കുക തന്നെ വേണം എന്നും കരാർപണിക്കാർ ബോധവാന്മാരായിരിക്കുക.

കരാർപണിക്കാരുടെ ടൈം ഓഫ് സപ്ലൈയെ സംബന്ധിച്ച നിയമവശം ടൈം ഓഫ് സപ്ലൈ, അഥവാ സപ്ലൈ –സമയം മുതൽക്കാണ് ഒരു സപ്ലൈയ്ക്കുമേൽ സർക്കാരിലേക്ക് നികുതിയടയ്ക്കാൻ സപ്ലയർക്ക് ഉത്തരവാദിത്വം ഉണ്ടാവുന്നത്. ഒരു സപ്ലൈയുടെ സപ്ലൈ– സമയം ഏത് മാസത്തിലാണോ, അല്ലെങ്കിൽ ക്വാർട്ടറിലാണോ വരുന്നത്, ആ മാസത്തിന്റെ/ക്വാർട്ടറിന്റെ ജി.എസ്.റ്റി. റിട്ടേൺ സമർപ്പിക്കുമ്പോൾ ആ സപ്ലൈയെ സംബന്ധിച്ച ജി.എസ്.റ്റി. സർക്കാരിലേക്ക് അടയ്ക്കണം എന്നാണ് ജി.എസ്.ടി. നിയമം അനുശാസിക്കുന്നത്. കരാർ പണി അഥവാ വർക്സ് കോൺട്രാക്റ്റ്, ഒരു സേവനത്തിന്റെ സപ്ലൈ ആണ്, അതായത് ഒരു സർവ്വീസ് സപ്ലൈ ആണ്. സർവീസ്–സപ്ലൈകളെ സംബന്ധിച്ച് സപ്ലൈ–സമയം (Time of supply) കണക്കാക്കേണ്ടത് എങ്ങനെ എന്ന് സി.ജി.എസ്.റ്റി. ആക്റ്റ്, 2017 ന്റെ സെക്ഷൻ 13 ൽ പറയുന്നു. ഈ സെക്ഷൻ 13 പ്രകാരം, ഒരു സർവീസ് സപ്ലൈ ചെയ്യപ്പെടുമ്പോൾ, ആ സപ്ലൈയുടെ ടൈം ഓഫ് സപ്ലൈ ആയി കണക്കാക്കപ്പെടേണ്ടത് താഴെ പറയുന്നതിൽ ഏറ്റ വും ആദ്യം വരുന്ന സമയം ഏതാണോ, ആ സമയം ആണ്:

- ആ സർവീസ്–സപ്ലൈയെ സംബന്ധിച്ച് സപ്ലയർ ഇൻവോ യ്സ് ഇഷ്യൂ ചെയ്യുന്ന സമയം; അല്ലെങ്കിൽ
- ആ സർവീസ്–സപ്ലൈയെ സംബന്ധിച്ച് സപ്ലയർ സി.ജി.എസ്.റ്റി. ആക്റ്റിന്റെ സെക്ഷൻ 31 പ്രകാരമുള്ള ഇൻവോയ്സ് ഇഷ്യൂ ചെയ്യേണ്ടതായ സമയം; അല്ലെങ്കിൽ,
- ആ സർവ്വീസ്–സപ്ലൈയുടെ പേരിലുള്ള പെയ്മെന്റ് സപ്ലയർക്ക് ലഭിക്കുന്ന സമയം.

മേൽപ്പറഞ്ഞ സെക്ഷൻ– 13 നില നിൽക്കുന്നതിനാൽ, കരാർപണിയെ സംബന്ധിച്ച് കരാർ പണിക്കാരന് പ്രതിഫലം ലഭിക്കുന്നത് മുൻകൂർ ആയിട്ടാണെങ്കിൽ, ആ പണം ലഭിക്കുന്ന സമയമാണ് അയാളുടെ സപ്ലൈ–സമയം. പക്ഷേ പണി പൂർത്തിയാക്കി ഇൻവോയ്സ് ഇഷ്യൂ ചെയ്യുന്നത് ആദ്യവും പ്രതിഫലം ലഭിക്കുന്നത് പിന്നീടും ആണെങ്കിൽ, ആ പണിയെ സംബന്ധിച്ച് കരാർപണിക്കാരൻ ഇൻവോയ്സ് ഇഷ്യൂ ചെയ്യുന്ന സമയം ആണ് അയാളുടെ സപ്ലൈ–സമയം പ്രതിഫലം ലഭിക്കുന്ന സമയമല്ല. ■

*ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാനാണ് ആണ് ലേഖകൻ*
*ജവ 9846227555, 7902443188, 7907000401*

GOODS AND SERVICES TAX



# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

**ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്**

**കൂടുതൽ വിവരങ്ങൾക്ക്**

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org






# ടേം ഇൻഷ്വറൻസ്
# യഥാർത്ഥ ഇൻഷ്വറൻസ് കുറഞ്ഞ ചിലവിൽ




വിശ്വനാഥൻ ഒടാട്ട്


**മനുഷ്യജീവന് 'ഭീഷണിയായ ഒട്ടുമിക്ക റിസ്കുകളും കവർ ചെയ്യുന്ന പോളിസിയാണിത്.**

ലൈഫ് ഇൻഷ്വറൻസിൽ സമ്പാദ്യത്തേക്കാൾ പ്രാധാന്യം എല്ലായ്പ്പോഴും സംരക്ഷണത്തിനാണ്. അതായത് ലൈഫ് കവർ ചെയ്യുക എന്ന അടിസ്ഥാന തത്വം ടേം കവർ കൊണ്ട് ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. മനുഷ്യജീവന് 'ഭീഷണിയായ ഒട്ടുമിക്ക റിസ്കുകളും കവർ ചെയ്യുന്ന പോളിസിയാണിത്. അതുകൊണ്ടുതന്നെ കൂടുതൽ തുകയക്ക് ഇൻഷ്വർ ചെയ്യുമ്പോഴും കുറഞ്ഞ പ്രീമീയം അടച്ച് സംരക്ഷണം നേടാനാകും. സാധാരണയായി അടച്ച തുക മടക്കി ലഭിക്കുന്നതല്ല എന്നത് ഗ്രൂപ്പ് ടേം പോളസിയുടെ പ്രത്യേകതയാണ്.

ടേം പോളസികൾ എടുക്കുമ്പോൾ വരുമാനം, പ്രായം, നിലവിലുള്ള അസുഖങ്ങൾ, ജോലി എന്നിവയെ ആശ്രയിച്ചാണ് ഇൻഷ്വർ ചെയ്യുന്ന തുക, പ്രമീയം എന്നിവ നിശ്ചയിക്കുന്നത്.

ലോൺ എടുത്തവർ, കടബാധ്യതയുള്ളവർ, ഏക വരുമാനമുള്ളവർ, ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നവർ, കമ്പനികൾ/സ്ഥാപനങ്ങൾ എന്നിവയുടെ അമരത്ത് ഇരിക്കുന്നവർ എന്നിവർക്ക് അനുയോജ്യമായ പോളിസിയാണിത്. പ്രായം കൂടുംതോറും പ്രീമിയത്തിൽ വർദ്ധനയുണ്ടാവും, കാരണം റിസ്ക് കൂടുന്നു എന്നതാണ്. മാത്രമല്ല പ്രായം കൂടും തോറും കൂടുതൽ തുകയ്ക്ക് ഇൻഷ്വർ ചെയ്യുന്നത് പ്രയാസകരമാവുകയും ചെയ്യും. അതിനാൽ കൂടുതൽ തുകയ്ക്ക് ദീർഘകാലത്തേക്ക് ഇൻഷ്വർ ചെയ്യുക എന്നതാണ് ഉത്തമം.

വ്യക്തികൾ, ഗ്രൂപ്പുകൾ, ലോൺ കൊടുക്കുന്ന സ്ഥാപനങ്ങൾ എന്നിങ്ങനെ വിവിധ തരത്തിലുള്ളവർക്ക് അനുയോജ്യമായ പോളിസികൾ ഇന്ന് നിലവിലുണ്ട്. വ്യക്തികൾക്ക് മെഡിക്കൽ പരിശോധന ആവശ്യമെന്ന് പറയുന്ന പല സന്ദർഭങ്ങളിലും ഗ്രൂപ്പിന് മെഡിക്കൽ പരിശോധന ആവശ്യപ്പെടാറില്ല. മാത്രമല്ല വ്യക്തിയുടെ പ്രീമിയത്തിന്റെ ശരാശരിയേക്കാൾ കുറവായിരിക്കും ഗ്രൂപ്പിലെ അംഗത്തിന്റെ പ്രീമിയം തുക. സാധാരണ/അപകട മരണമാണ് ടേം പോളിസികളിൽ അടിസ്ഥാന റിസ്ക് കവറേജ്.

ടേം കവർതന്നെ ലോൺ പ്രൊട്ടക്ടർ, ക്രെഡിറ്റ് സേഫ് ഇൻഷ്വറൻസ് എന്നീ പേരുകളിൽ ഇന്ന് ലഭ്യമാണ്. ധനകാര്യസ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, മൈക്രോ ഫൈനാൻസ് സ്ഥാപനങ്ങൾ, ചിട്ടി കമ്പനികൾ, സംഘടനകൾ എന്നിവക്ക് അനുയോജ്യമായ വിധത്തിൽ ഇന്ന് ടേം പോളിസികൾ ലഭ്യമാണ്. പോളിസി എടുക്കുന്നതിനു മുൻപായി വിവിധ ലൈഫ് ഇൻഷ്വറൻസ് കമ്പനികളുമായി ബന്ധപ്പെടുകയും ഇൻഷ്വർ ചെയ്യേണ്ട തുക, ഇൻഷ്വർ ചെയ്യേണ്ടവരുടെ പ്രായം എന്നിവ നൽകിയാൽ പ്രീമിയം തുക ലഭിക്കും. വിവിധ കമ്പനികളുടെ പ്രീമിയം താരതമ്യം ചെയ്തശേഷം തിരഞ്ഞെടുത്താൽ തീർച്ചയായും നല്ലൊരു ശതമാനം പ്രീമിയം ലാഭിക്കാനാവുമെന്ന് തീർച്ച.

സംഘടനാതലത്തിൽ ഗ്രൂപ്പ് ടേം പോളസികൾ എടുക്കുമ്പോൾ 60 വയസ്സുവരെ പ്രായമുള്ളവരെയാണ് ഉൾപ്പെടുത്തുക. മാത്രമല്ല സംഘടനയിലെ മൊത്തം മെമ്പർമാരെ (60 വയസ്സിന് താഴെ പ്രായമുള്ളവർ) ഈ പോളിസിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. 10 ലക്ഷംരൂപ വരെ ഇൻഷുർ ചെയ്യാനായി ലളിതമായ നടപടിക്രമങ്ങൾ മാത്രമേ ഉള്ളു. സ്വാഭാവിക മരണം, അപകട മരണം എന്നിവ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ഇത്തരം പോളിസികളുടെ പ്രസക്തി വർദ്ധിച്ചു വരികയാണ്. ■


**എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ലേഖകൻ. ഫോൺ: 9895768333**

# മിഷൻ 1000

## സംരംഭങ്ങൾക്ക് നിരവധി പുത്തൻ ആനുകൂല്യങ്ങൾ



ടി.എസ്. ചന്ദ്രൻ

**കേന്ദ്ര സഹായ പദ്ധതികളുടെ ആനുകൂല്യങ്ങൾ സംരംഭകർക്ക് ലഭ്യമാകുകയും നിർത്തലാക്കിയ പല ആനുകൂല്യങ്ങളും പുനരാരംഭിക്കുകയും വേണം.**

തെരഞ്ഞെടുക്കുന്ന 1000 സംരംഭങ്ങളുടെ ഉല്പാദന ശേഷി ഉയർത്തുന്നതിന് പുതിയ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ. സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ശേഷി ഉയർത്തുന്നതിനുള്ള പദ്ധതി എന്നാണ് ഇതിന്റെ പേര്. (Scheme towards assistance for Micro to small, small to Medium Scaling up of MSMES) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് 20.05.2023ൽ പുറത്തിറങ്ങി. നിർമ്മാണ സ്ഥാപനങ്ങൾക്കും സേവന സ്ഥാപനങ്ങൾക്കും ഇത് പ്രകാരമുള്ള ആനുകൂല്യം ലഭിക്കും എന്ന പ്രത്യേകതയുണ്ട്.

### മൂന്ന് ഘട്ടമായി ആനുകൂല്യങ്ങൾ

#### 1. പ്രോജക്റ്റ് റിപ്പോർട്ടിന് ധനസഹായം

ഉല്പാദന ശേഷി ഉയർത്തുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് ഒരു ലക്ഷം രൂപ വരെയാണ് പരാവധി സബ്സിഡി ലഭിക്കുക. വ്യവസായ വകുപ്പിന്റെ അംഗീകൃത കൺസൾട്ടന്റുമാർ ഉണ്ടാക്കിയ പ്രോജക്റ്റ് റിപ്പോർട്ടുകൾക്കാണ് ഇപ്രകാരം ആനുകൂല്യം ലഭിക്കുക.

#### 2. സ്ഥിര നിക്ഷേപത്തിന് സബ്സിഡി

സ്കെയിൽ അപ് ചെയ്യുന്നതിനു വേണ്ടി വരുന്ന സ്ഥിര നിക്ഷേപത്തിന് 40 ശതമാനം വരെ സർക്കാർ സബ്സിഡി ലഭിക്കും. അധികമായ ഭൂമി, കെട്ടിടം, മെഷിനറികൾ, മറ്റ് സ്ഥിര നിക്ഷേപങ്ങൾ എന്നിവ ഇതിന് പരിഗണിക്കും. ഇത്തരത്തിൽ നിക്ഷേപം പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകളും മതിയായ കാരണങ്ങളുണ്ടെങ്കിൽ മാപ്പ് ആക്കി പരിഗണിക്കും. ഒരു സംരംഭത്തിന് പരമാവധി ലഭിക്കുന്ന സബ്സിഡി 2 കോടി രൂപ വരെയാണ്. പല ഘട്ടങ്ങളിലായി ഇപ്രകാരം സബ്സിഡി വാങ്ങുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും.

#### 3. പ്രവർത്തനം മൂലധന വായ്പയ്ക്ക് പലിശ സബ്സിഡി

ഉത്പാദനശേഷി ഉയർത്തൽ പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന പ്രവർത്തന മൂലധന വായ്പയിന്മേലുള്ള പലിശയുടെ 50 ശതമാനമാണ് സബ്സിഡിയായി ലഭിക്കുക. പലിശ അടച്ച ശേഷം അത് തിരിച്ചു നൽകുന്ന രീതിയിൽ ആയിരിക്കും പദ്ധതി. ആറു മാസത്തിലൊരിക്കലോ ഒരു വർഷത്തിലൊരിക്കലോ, നാലുവർഷം കൂടുമ്പോഴോ ഇപ്രകാരം ആനുകൂല്യത്തിന് അപേക്ഷിക്കുന്നതാണ്. 50 ലക്ഷം രൂപ വരെയാണ് പരമാവധി പലിശ സബ്സിഡിയായി ലഭിക്കുക. നാലു വർഷവും തുടർച്ചയായി ലഭിക്കും എന്ന നേട്ടമുണ്ട്. പ്രവർത്തന മൂലധനത്തിന് അധിക വായ്പയും പുതിയ വായ്പയും എടുക്കുമ്പോൾ ഈ ആനുകൂല്യം കിട്ടും എന്നാൽ പുതുക്കുന്നതിന് ലഭിക്കില്ല.

### ജില്ലാ സംസ്ഥാന തല സമിതികൾ

ഇതിന്റെ നടത്തിപ്പിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക സമിതികൾക്ക് രൂപം നല്കിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും, ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ മെമ്പർ സെക്രട്ടറിയും, എൽ.ഡി.എം. ഫിനാൻസ് ഡിപ്പാർട്ട്മെന്റ്, കെ.എഫ്.സി. കെ.എസ്.എസ്.ഐ.എ. തുടങ്ങിയവർ അംഗങ്ങളായി ജില്ലാ തലത്തിലും ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് ആനുകൂല്യങ്ങൾ ലഭിക്കുക.

*(തുടർന്ന് പേജ് 18 -ൽ വായിക്കുക.)*





# പരാതി പരിഹാരത്തിന് മേഖലാ തലത്തിൽ ഫെസിലിറ്റേഷൻ കൗൺസിലുകൾ





എസ്. ഹരി കിഷോർ
ഐ.എ.എസ്.

**സർക്കാർ, പൊതു സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് ചെറുകിട വ്യവസായികൾ നല്കുന്ന സാധനങ്ങളുടെ വില 45 ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ പരാതി നല്കി തുക പലിശ സഹിതം ഈടാക്കാൻ നിയമപരമായ അധികാരമുള്ള വേദിയാണ് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ.**

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഊർജ്ജസ്വലവും ചലനാത്മകവുമായ മേഖലയായി സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. രാജ്യത്തിന്റെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കാധാരം സൂക്ഷ്മ, ചെറുകിട മേഖലകളുടെ വളർച്ചയാണ്. ഈ മേഖലകൾ രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന് ഗണ്യമായ സംഭാവന നല്കി വരുന്നു. വ്യവസായ രംഗം കൂടുതൽ സുതാര്യമാക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്. സൂക്ഷ്മ ചെറുകിട സംരംഭകരുടെ സ്ഥായിയായ വളർച്ചയ്ക്കും സാമ്പത്തിക സ്ഥിരതയ്ക്കും ശക്തമായ ഇടപെടലുകൾ നടത്തി അവരെ ചേർത്തു പിടിക്കുകയാണ് സർക്കാർ. അതിൽ ഏറ്റവും ശക്തമായ ഇടപെടലാണ് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ. സർക്കാർ, പൊതു സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് ചെറുകിട വ്യവസായികൾ നല്കുന്ന സാധനങ്ങളുടെ വില 45 ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ പരാതി നല്കി തുക പലിശ സഹിതം ഈടാക്കാൻ നിയമപരമായ അധികാരമുള്ള വേദിയാണ് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ.

2006 ലെ നിയമത്തിലെ 15 മുതൽ 24 വരെയുള്ള വകുപ്പുകളിലാണ് എം.എസ്.ഇ. കൾ നടത്തുന്ന പണമിടപാടുകളെ സംബന്ധിച്ച് തർക്കമുണ്ടാകുമ്പോൾ അത് പരിഹരിക്കുന്നതിന് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ രൂപികരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത്. ഒരു എം.എസ്.ഇ. സപ്ലെയറിൽ നിന്ന് എം.എസ്.ഇ. ബയർ വാങ്ങുന്ന സാധനങ്ങളുടെ വില 45 ദിവസത്തിനുള്ളിൽ കൊടുക്കാത്ത പക്ഷം എം.എസ്.ഇ. സപ്ലെയർക്ക് ബയർക്ക് എതിരെ കേസ് ഫയൽ ചെയ്ത് തർക്കം പരിഹരിക്കുന്നതിന് അവസരം ലഭിക്കും. ഇങ്ങനെ ലഭിക്കുന്ന പരാതിയിന്മേൽ 90 ദിവസത്തിനകം കൗൺസിൽ പരിഹാരം കാണുന്നതായിരിക്കും.

അതത് സംസ്ഥാനങ്ങളിലെ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറായിരിക്കും കൗൺസിലിന്റെ അദ്ധ്യക്ഷൻ. കൂടാതെ എസ്.എൽ.ബി.സി. കൺവീനർ, കെ. എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ്/സെക്രട്ടറി, നിയമവകുപ്പിൽ നിന്ന് സർക്കാർ അഢീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളാണ്. സംസ്ഥാന സർക്കാർ ഈ കൗൺസിൽ കൃത്യമായി യോഗം ചേരുന്നുണ്ടെന്നും ലഭിക്കുന്ന അപേക്ഷകൾ 90 ദിവത്തിനകം തീർപ്പാക്കുന്നുണ്ടെന്നും ഉറപ്പാക്കും. അതത് സംസ്ഥാനങ്ങളിലെ എം.എസ്.ഇ.എഫ്.സി. മുമ്പാകെ ഫയൽ ചെയ്യുന്ന ഓൺലൈൻ കേസുകളുടെ കാര്യത്തിൽ മുമ്പാകെ എടുക്കേണ്ടത് ഡി.സി. എം.എസ്.എം. ഇ. ആണ്.

രാജ്യത്തുടനീളമുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഫെസിലിറ്റേഷൻ കൗൺസിലുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് കേന്ദ്ര സർക്കാർ നേരത്തെ മാതൃകാ ചട്ടങ്ങൾ തയ്യാറാക്കിയിരുന്നു. 2006-ലെ എം.എസ്.എം.ഇ.ഡി. ആക്റ്റ് പ്രകാരം വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സംസ്ഥാന എം.എസ്.ഇ.എഫ്. കൗൺസിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ കേരളത്തെ മൂന്ന് മേഖലകളായി തരംതിരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഫെസിലിറ്റേഷൻ കൗൺസിൽ രൂപികരിച്ചിട്ടുണ്ട്.

എം.എസ്.എം.ഇ. സമാധാൻ വെബ് പോർട്ടലിലൂടെ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ

*(തുടർന്ന് പേജ് 18 -ൽ വായിക്കുക.)*




സൂരജ്. എസ്.

# ഭക്ഷ്യ സംസ്കരണ മേഖലയിലെ യൂണിറ്റുകൾക്ക് 35% സബ്സിഡിയോടെ വായ്പ

**പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി. എം. എഫ്. എം. ഇ.) സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ ഒന്നാം സ്ഥാനത്താണ് നമ്മുടെ കേരളം.**

### പി. എം. എഫ്. എം. ഇ. സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ കേരളം മുന്നിൽ.

പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ.) നിർവഹണത്തിൽ അഭിമാനമായി കേരളം. ഭക്ഷ്യ സംസ്കരണ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്ക് മുതൽമുടക്കിൻെറ 35 ശതമാനം വരെ സബ്സിഡിയോടു കൂടിയ സംരംഭക മൂലധന വായ്പാ പദ്ധതി മികവോടെ നടപ്പിലാക്കി മുന്നേറുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്.

പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയുടെ (പി.എം. എഫ്.എം.ഇ.) സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ ഒന്നാം സ്ഥാനത്താണ് നമ്മുടെ കേരളം. കേരളത്തിൽ നിന്ന് സമർപ്പിച്ച 925 ആപ്ലിക്കേഷനുകളാണ് സീഡ് ക്യാപിറ്റൽ ധനസഹായ വിതരണത്തിൽ അർഹരായത്. 96.90% ആണ് കേരളത്തിന്റെ പ്രകടന നിലവാരം.

കൂടാതെ ഭക്ഷ്യ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് വായ്പ ലഭ്യമാക്കുന്നതിൽ ദേശീയ തലത്തിൽ നാലാം സ്ഥാനത്താണ് കേരളം. നിലവിൽ കേരളത്തിലെ ഭക്ഷ്യ മേഖലയിൽ പ്രവർത്തിക്കുന്ന 1485 യൂണിറ്റുകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. അതിൻ പ്രകാരം 751 യൂണിറ്റുകൾക്ക് 19.51 കോടി രൂപ ഇതിനകം സബ്സിഡിയായി നൽകുകയുമുണ്ടായി. പി.എം.എഫ്.എം.ഇ. പദ്ധതി യുടെ സംസ്ഥാന നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ നിതാന്ത പരിശ്രമങ്ങളാണ് ഈ നേട്ടം കൈവരിക്കുവാൻ കേരളത്തെ പ്രാപ്തമാക്കിയത്.

### എന്താണ് പി.എം. എഫ്.എം.ഇ. പദ്ധതി

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി സംസ്ഥാനങ്ങളുമായി സഹകരിച്ച് ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് സാമ്പത്തിക, സാങ്കേതിക, വിപണന പിന്തുണ നൽകുന്നതിനാ യി രൂപവത്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ സ്കീം). കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാറുമായി സഹകരിച്ച് 60:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ഈ പദ്ധതിയിലൂടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ്സ് പിന്തുണ ലഭിക്കുന്നതാണ്.

2020-ൽ ആയിരുന്നു കാർഷിക മേഖലക്ക് കൈത്താങ്ങാകുന്നതിനും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ് പിന്തുണ ലഭ്യമാക്കുന്നതിനു മായി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'പി.എം.എഫ്.എം.ഇ.' പദ്ധതി ആരംഭിച്ചത്. 2020-21 മുതൽ 2024-25 വരെയുള്ള അഞ്ചുവർഷ കാലയളവുള്ള പദ്ധതിക്കായി 10,000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

ബാങ്ക് വായ്പകൾക്ക് 10 ലക്ഷം രൂപ വരെയുള്ള ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി സഹായം കൂടാതെ കുടുംബശ്രീ സ്വയംസഹായ സംഘങ്ങളുടെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിലെ ഓരോ വ്യക്തിയ്ക്കും 40,000 രൂപ വീതം സീഡ് ഫണ്ട് ലഭിക്കുമെന്നതും പദ്ധതിയുടെ പ്രത്യേകതയാണ്. ഉദാഹരണമായി അഞ്ച് കുടുംബശ്രീ അംഗങ്ങൾ ചേർന്ന് തുടങ്ങുന്ന ഒരു ഭക്ഷ്യ സംസ്കരണ യൂണിറ്റിലെ ഓരോ അംഗത്തിനും 40,000 രൂപ വീതം ആകെ രണ്ടു ലക്ഷം രൂപ വരെ സീഡ് ഫണ്ടായി ലഭിക്കും. പ്രാദേശിക തലത്തിൽ കാർഷികഭക്ഷ്യ സംസ്കരണവുമായി മുന്നോട്ട് പോകുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്പിഒകൾ), സ്വയം സഹായ സംഘങ്ങൾ (എസ്എച്ച്ജികൾ), സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനവും പിന്തുണയും പദ്ധതിയിലൂടെ ലഭിക്കും. പൊതുജനങ്ങളിൽ പി.എം.എഫ്. എം.ഇ. പദ്ധതിയുടെ അവബോധം വളർത്തു ന്നതിനും സേവന സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി നിരവധി പരിപാടികളാണ് പി.എം.എഫ്.എം.ഇ. സ്റ്റേറ്റ് നോഡൽ ഡിപ്പാർട്ട്മെന്റിനെ (വ്യവസായ വാണിജ്യ വകുപ്പ്) പ്രതിനിധീകരിച്ച് സ്റ്റേറ്റ് നോഡൽ ഏജൻസിയുടെ (കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ) ആഭിമുഖ്യത്തിൽ നട പ്പിലാക്കി വരുന്നത്.

### ഒരു ജില്ല ഒരു ഉൽപ്പന്നം (ODOP)

ഓരോ ജില്ലയിലെ പ്രധാന കാർഷിക വിഭവങ്ങളുടേയും അവയുടെ മൂല്യവർധിത ഉത്പന്നങ്ങളുടേയും വിപണിയും വരുമാനവും ഉറപ്പു വരുത്താനായി ഒരു ജില്ല ഒരു ഉത്പന്നം മാതൃകയും (ഒ.ഡി.ഒ.പി.) ഈ പദ്ധതി വഴി സ്വീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉല്പന്നത്തെ വളർത്തിക്കൊണ്ടു വരാനാണ് ശ്രമം. ഈ പദ്ധതിയുടെ നേട്ടങ്ങൾ ലഭ്യമാക്കുന്നതിനായി 10 ഉൽപ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളുടെ ODOP ആയി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്.


### പദ്ധതി ആനുകൂല്യങ്ങൾ

ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതിയ സംരംഭം തുടങ്ങുന്നതിനോ നിലവിലുള്ള സംരംഭം നവീകരിക്കുന്നതിനോ വികസനത്തിനോ യോഗ്യമായ പ്രോജക്റ്റ് ചെലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ് സിഡി യൂണിറ്റിനു പരമാവധി 10 ലക്ഷം രൂപ വരെ നല്കും. (വ്യക്തിഗത സംരംഭങ്ങൾ, പ്രൊപ്രൈറ്റർഷിപ്പ് സ്ഥാപനങ്ങൾ, പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾ, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, എഫ്.പി.ഒ.കൾ, എൻ.ജി.ഒ.കൾ, എസ്.എച്ച്.ജി.കൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം). സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്കു ചെറിയ ഉപകരണങ്ങൾ വാങ്ങുന്ന തിനായി എസ്.എച്ച്.ജി.യുടെ ഓരോ അംഗത്തിനും 40000 രൂപ വരെ പ്രാരംഭ മൂലധനം ലഭ്യമാകും. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (FPC), സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ (SHG), സർക്കാർ ഏജൻസി തുടങ്ങിയവക്ക് പൊ തു അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ക്രെഡിറ്റ് ലൈസൻസ്ഡ് ഗ്രാൻഡ് 35% പരമാവധി 3 കോടി രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതാണ്.

### അപേക്ഷകൾ സമർപ്പിക്കുന്നതിന്


പി.എം.എഫ്.എം.ഇ. പദ്ധതിക്കായുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MOFPI) വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്ത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പദ്ധതി നിർവ്വഹണത്തിൽ ജില്ലാ നോഡൽ പോയിന്റായി പ്രവർത്തിക്കുന്നു. ആവശ്യമായ സഹകരണങ്ങൾക്ക് എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഹാൻഡ് ഹോൾഡിംഗ് പിന്തുണ ലഭ്യമാക്കുന്നതിനായി ജില്ലാ തലത്തിൽ റിസോഴ്സ് പേഴ്സൺസിനെ (D.R.P.) നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനും, ബാങ്ക് വായ്പ എടുക്കുന്നതിനും, എഫ്.എസ്.എസ്.എ.ഐ. FSSAI യുടെ ഭക്ഷ്യ മാനദണ്ഡങ്ങളും, ഉദ്യോഗ് ആധാർ, ജി.എസ്.ടി. തുടങ്ങിയുള്ള ആവശ്യമായ രജിസ്ട്രേഷനും ലൈസൻസുകളും നേടുന്നതിനും ഈ റിസോഴ്സ് പേഴ്സൺസ് വ്യക്തിഗത യൂണിറ്റുകൾക്കും സംഘങ്ങൾക്കും ഹാൻഡ് ഹോൾഡിംഗ് പിന്തുണ നൽകുന്നതാണ്. ■

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**



KSSIA NEWS
SEPTEMBER 2023

# സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്ക് 5 കോടി രൂപ വരെ, വായ്പയ്ക്ക് ഈട് വേണ്ട



ആദികേശവൻ.എസ്

**ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ 9,000 കോടി രൂപ സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ വായ്പക്ക് വേണ്ടിയുള്ള ഗ്യാരണ്ടി പദ്ധതിക്കായി മാറ്റി വെച്ചു**

പ്രവർത്തന മൂലധനത്തിന് വേണ്ടിയുള്ള ഹ്രസ്വകാല വായ്പയ്ക്കും ആസ്തികൾ വാങ്ങാനുള്ള ദീർഘകാല വായ്പക്കും കേന്ദ്ര സർക്കാരിന്റെ ഈ ഗ്യാരണ്ടി പദ്ധതി ബാധകമാണ്.

ആഗോളതലത്തിൽ ഉത്പാദനത്തിന്റെ 50 ശതമാനവും തൊഴിൽ മേഖലയിൽ 60/70 ശതമാനവും വിഹിതം വഹിക്കുന്നത് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയാണ് എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇക്കഴിഞ്ഞയാഴ്ച ജി–20 യുടെ ഒരു സമ്മേളനത്തിൽ പറയുകയുണ്ടായി. ഇന്ത്യയിലും ഈ മേഖലയ്ക്ക് സുപ്രധാനമായ ഒരു പങ്കുണ്ട്. ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ 9,000 കോടി രൂപ സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ വായ്പക്ക് വേണ്ടിയുള്ള ഗ്യാരണ്ടി പദ്ധതിക്കായി മാറ്റി വെച്ചു. മാത്രവുമല്ല ഇതിൽ 8,000 കോടി രൂപ മാർച്ച് 30ന് തന്നെയുപയോഗിച്ച് ഈ വർഷം ഏപ്രിൽ 1 മുതൽ 5 കോടി രൂപ വരെയുള്ള വായ്പകൾ ബാങ്കുകൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും ഭൂമിയുടെയോ മറ്റു ഈടോന്നുമില്ലാതെ തന്നെ നൽകുവാനുള്ള പദ്ധതി നിലവിൽ വരുകയും ചെയ്തു കഴിഞ്ഞു. നേരത്തെ ഈ പരിധി 2 കോടി രൂപയായിരുന്നു ഈടൊന്നും നൽകേണ്ടാത്തതിനാൽ സംരംഭകർക്ക് ഗുണം ചെയ്യുന്ന ഈ പദ്ധതിയെക്കുറിച്ചുള്ള ചില അടിസ്ഥാന വിവരങ്ങൾ ചുവടെ:



### ഏതുതരം സംരംഭങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക?

ഈ പദ്ധതി നടപ്പാക്കുന്നത് സിഡ്ബി അഥവാ സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയാൽ രൂപികരിക്കപ്പെട്ട ഒരു ഗ്യാരണ്ടി ട്രസ്റ്റാണ്. പദ്ധതിയുടെ കീഴിൽ സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ വായ്പകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പ്രവർത്തന മൂലധനത്തിന് വേണ്ടിയുള്ള ഹൃസ്വകാല വായ്പയ്ക്കും ആസ്തികൾ വാങ്ങാനുള്ള ദീർഘകാല വായ്പക്കും കേന്ദ്ര സർക്കാരിന്റെ ഈ ഗ്യാരണ്ടി പദ്ധതി ബാധകമാണ്. ചെറുകിട സംരംഭം എന്ന് കൊണ്ട് വിവക്ഷിക്കുന്നത് ഉത്പാദനത്തിന് വേണ്ടിയുള്ള മുടക്കുമുതൽ 5 കോടി വരെയും വാർഷിക ടേൺ ഓവർ 10 കോടിവരെയുള്ള സംരംഭങ്ങളാണ്. സൂക്ഷ്മ യൂണിറ്റുകളാവട്ടെ ഇവയെക്കാളും ചെറിയ തലത്തിൽ പ്രവർത്തിക്കുന്നവയാണ് – 1 കോടി വരെ ഉത്പാദനത്തിന് വേണ്ടിയുള്ള മുതലും 5 കോടി വരെ വിറ്റു വരവും ഉള്ളവ. വളരെ എളുപ്പം എടുക്കാവുന്ന കേന്ദ്ര സർക്കാരിന്റെ തന്നെ ഉദ്യം ആധാർ റജിസ്ട്രേഷൻ ബാങ്കുകളുടെ ഇടയിൽ സംരംഭങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിക്കും. ഇത്തരം സംരംഭകർക്കെല്ലാം തന്നെ വായ്പ തുക 5 കോടി വരെ ഈടു കൂടാതെ എടുക്കുവാൻ ഈ പദ്ധതി ഉപകരിക്കുന്നു.

### ഇതിനു ഫീസോ മറ്റോ ഇല്ലേ?

ഉണ്ട്. ഈ വർഷം ഏപ്രിൽ മുതൽ കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ ഫീസും കുറഞ്ഞ നിലവാരത്തിൽ തന്നെ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഈ നിരക്കുകൾ ഈടാക്കുന്നത് വാർഷിക ഇടവേളയിൽ ആയിരിക്കും. കൂടാതെ ബാങ്കുകൾക്കും മറ്റു സ്ഥാപനങ്ങൾക്കും ഇത് സ്വയം വഹിക്കുകയോ വായ്പ എടുക്കുന്ന യൂണിറ്റുകളുടെ പക്കൽ നിന്നോ ഈടാക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഈ ഗ്യാരണ്ടി ഫീസിന്റെ വിവരം ചുവടെ. വാർഷിക അടിസ്ഥാനത്തിൽ ഈടാക്കുന്ന ഈ ഫീസ് വായ്പ അടച്ചു തീരുന്ന മുറയ്ക്ക് വായ്പ തുക കുറയുമ്പോൾ തത്തുല്യമായി കുറയുകയും ചെയ്യും. അതായത് ആദ്യത്തെ വർഷം എടുക്കുന്ന മൊത്തം വായ്പ തുകയ്ക്ക് ഫീസ് കൊടുക്കേണ്ടി വരുമ്പോൾ, പിന്നീടുള്ള വർഷങ്ങളിൽ തിരിച്ചടവ് കിഴിച്ചിട്ടുള്ള തുകയ്ക്ക് മാത്രം ഫീസ് കൊടുത്താൻ മതിയാവും.

| Slab | Standard Rate (pa) |
|---|---|
| 0-10 lakh | 0.37 |
| Above 10-50 lakh | 0.55 |
| Above 50- 1 crore | 0.60 |
| Above 1-2 crore | 1-20 |

### കൈവശമുള്ള ഈട് കൊടുക്കുകയും ബാക്കി തുകയ്ക്ക് ഗ്യാരണ്ടി ഫീ കൊടുക്കുകയും ചെയ്യാമോ?

ചെയ്യാം. ഫീസ് കൊടുക്കുന്നതിനു പകരമായി വീടോ മറ്റേതെങ്കിലും കൈവശമുള്ള വസ്തുവോ ഈടായി നൽകുന്നു എങ്കിൽ ഈടിന്റെ മുല്യത്തിനധികം വരുന്ന വായ്പയ്ക്ക് മാത്രം ഗ്യാരണ്ടി എടുക്കാനുള്ള സൗകര്യം പദ്ധതിയിലുണ്ട്. ഒരു സംരംഭകനങ്ങിനെ ഹൈബ്രിഡ് മോഡലിൽ അല്ലെങ്കിൽ മിശ്രിത രൂപത്തിൽ ഈടും ഗ്യാരണ്ടി ഫീസും നൽകിയും വായ്പയെടുക്കാനുള്ള വ്യവസ്ഥയുണ്ട്. വളരെ അയവുള്ള ഒരു ഗ്യാരണ്ടി പദ്ധതിയാണ് സി.ജി.ടി.എം.എസ്.ഈ. പദ്ധതി.

### ഏതൊക്കെ സ്ഥാപനത്തിൽ നിന്നുള്ള വായ്കൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം?

പദ്ധതിയിലെ അംഗത്വം ബാങ്കുകൾക്കും ബാ ങ്കിങ്ങ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്കുമാണ്. അവയ്ക്കു മെമ്പർ ലെൻഡിങ്ങ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നാണ് പറയുക. എല്ലാ ബാങ്കുകളും ഈ പദ്ധതിയിൽ അംഗങ്ങളാണ്.

അത് കൊണ്ട് ബാങ്ക് വായ്പകൾക്ക് (സ്വകാര്യ ബാങ്കുകളടക്കം) ഈ പദ്ധതി അനുസരിച്ച് 5 കോടി രൂപ വരെയുള്ള വായ്പയ്ക്ക് ഈട് നൽകേണ്ട ആവശ്യമില്ല. ഈ പദധതിയുടെ അംഗങ്ങളായ എൻ.ബി.എഫ്. സി. കളും ഈടില്ലാത്ത വായ്പ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്ക് കൊടുക്കാൻ ബാധ്യസ്ഥരാണ്. ഇത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റും മറ്റു വിവരങ്ങളും www.cgtmse.in എന്ന സൈറ്റിൽ ലഭ്യമാണ്.

Above 2.5 crore - 1.35

2 ശതമാനം വരെ ഉണ്ടായിരുന്ന ഗ്യാരണ്ടി ഫീസ് ഈ വർഷം മുതൽ കുറഞ്ഞ നിരക്കിൽ കേന്ദ്രം പരിമിതപ്പെടുത്തി.

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുൻ ചീഫ് ജനറൽ മാനേജർ ആണ് ലേഖകൻ.**



*സ്വാതന്ത്ര്യ ദിനത്തിൽ കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലാ ഓഫീസ്സിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പതാക ഉയർത്തുന്നു.*



*സ്വാതന്ത്ര്യ ദിനത്തിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന ഓഫീസ് കളമശ്ശേരിയിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് പതാക ഉയർത്തുന്നു.*

(12 –ാം പേജ് തുടർച്ച.)

## അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മൂന്നു വർഷമെങ്കിലും തുടർച്ചയായി പ്രവർത്തിച്ചു വരുന്ന ഉദ്യം റജിസ്ട്രേഷൻ സംരംഭങ്ങൾ ആയിരിക്കണം.
- മുൻകൂട്ടി പ്രൊജക്ട് അംഗീകരിച്ച് വാങ്ങണം. ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് വ്യവസായ വകുപ്പിന്റെ ഓൺലൈൻ സൈറ്റ് വഴിയാണ്.
- താലൂക്ക് വ്യവസായ ഓഫീസുകളിലാണ് ക്ലെയിമിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത്.
- 30 ദിവസത്തിനുള്ളിൽ അപേക്ഷയിൽ ശുപാർശ ചെയ്തു ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കണം.
- മുൻകൂർ അംഗീകാരം കിട്ടിയതിനുശേഷം വേണം ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കാൻ.
- ഉല്പാദന തോത് ഉയർത്തൽ പ്രക്രിയ പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ സ്ഥിരനിക്ഷേപ സബ്സിഡിക്കുള്ള അപേക്ഷ സമർപ്പിക്കണം. എന്നാൽ മതിയായ കാരണങ്ങളുണ്ടെങ്കിൽ മൂന്ന് വർഷം വരെ ഇളവ് ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.
- പ്രവർത്തന മൂലധന വായ്പ കൈപ്പറ്റി ആറുമാസത്തിനുള്ളിലോ ഒരു വർഷത്തിനുള്ളിലോ നാലു വർഷത്തിനു ശേഷമോ പലിശ സബ്സിഡി ക്ലെയിം ചെയ്യാവുന്നതാണ്. നാലു വർഷത്തിനു ശേഷം ക്ലെയിം ചെയ്യുമ്പോൾ മൂന്ന് മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.
- ശേഷി ഉയർത്തുന്ന നടപടി പൂർത്തിയാക്കിയ ശേഷം അഞ്ചുവർഷം തുടർച്ചയായി പ്രവർത്തിച്ചു കൊള്ളാം എന്ന് സംരംഭകർ അണ്ടർടേക്കിങ്ങ് നൽകണം.
- അപേക്ഷയിൽ നടപടി എടുക്കുവാൻ കൃത്യമായ സമയക്രമവും (30 ദിവസം) ഉത്തരവിൽ പറയുന്നുണ്ട്.
- അപേക്ഷയിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർ പ്രതിദിനം 500 രൂപ നഷ്ടപരിഹാരം പരമാവധി 10,000 രൂപ വരെ നൽകണമെന്നും, അത് ശമ്പളത്തിൽ നിന്ന് പിടിക്കുമെന്നും ഉത്തരവിൽ പറയുന്നു.
- ചെറിയ തോതിലുള്ള ഫീസും അപേക്ഷയോടൊപ്പം നൽകണം. സി.പി.ആർ. സബ്സിഡിയ്ക്ക് ആയിരം രൂപയും, സ്ഥിരനിക്ഷേപ സബ്സിഡിക്ക് 0.1 % വും (5,000 മുതൽ 10,000 വരെ), പ്രവർത്തന മൂലധന പലിശ സബ്സിഡിയ്ക്ക് 0.1 ശതമാനവും (1000 മുതൽ 5,000 വരെ) ഫീസ് നൽകണം.
- സംരംഭങ്ങളുടെ പ്രൊഡക്ഷൻ കപ്പാസിറ്റി ഉയർത്തുക എന്ന ലക്ഷ്യം വെച്ചു കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിരിക്കുന്നത്. ■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ**

(13 –ാം പേജ് തുടർച്ച.)

ബാഹുല്യം പരിഗണിച്ച് സമയബന്ധിതമായി സംരംഭകരുടെ പരാതികൾ/അപേക്ഷകൾ വളരെ വേഗത്തിൽ തീർപ്പാക്കുന്നതിനായാണ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ കൗൺസിലുകൾ രൂപികരിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,പത്തനംതിട്ട എന്നിവയെ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ല വ്യവസായ കേന്ദ്രത്തിലാണ് ഫെസിലിറ്റേഷൻ കേന്ദ്രം ആരംഭിച്ചിട്ടുള്ളത്. രണ്ടാമത്തെ ഫെസിലിറ്റേഷൻ കേന്ദ്രം എറണാകുളം കേന്ദ്രികരിച്ച് ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, എറണാകുളം ജില്ലകൾക്ക് വേണ്ടി പ്രവർത്തിക്കും. മൂന്നാമത്തെ ഫെസിലിറ്റേഷൻ കേന്ദ്രം മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകൾക്ക് വേണ്ടി കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കും.

മൂന്ന് റീജിയണലുകളുടെയും ചെയർപേഴ്സൺ അതത് റീജിയണലുകളുടെ ജില്ലാ വ്യവസായ കേന്ദ്രം (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ജനറൽ മാനേജർ ആയിരിക്കും. ലീഡ് ബാങ്ക് മാനേജർ, ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ലോ ഓഫീസർ, കെ.എസ്.എസ്.ഐ.എ. യുടെ അതത് മേഖലയിലെ വൈസ് പ്രസിഡന്റുമാർ എന്നിവരും അംഗങ്ങളായിരിക്കും.

സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർ ഏർപ്പെട്ടിരിക്കുന്ന സാധന, സേവന വിപണനവുമായി ബന്ധപ്പെട്ട് ഉല്പന്നത്തിന്/സേവനത്തിന് ലഭിക്കേണ്ടതായ പണത്തിന് കാലതാമസം നേരിടുകയോ ലഭിക്കാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ അവയുടെ പരിഹാരത്തിനായി മേൽ കൗൺസിലുകളെ സമീപിക്കാം. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഒരു കോടി രൂപയ്ക്ക് മേൽ അവകാശവാദം ഉന്നയിച്ചിട്ടുള്ള എം.എസ്.ഇ.കളുടെ അപേക്ഷകൾ തിരുവനന്തപുരത്തെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സംസ്ഥാന സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിൽ പരിഗണിക്കും. മറ്റെല്ലാ അപേക്ഷകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ല വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു റീജിയണൽ സൂക്ഷ്മ ചെറുകിട സംരഭ ഫെസിലിറ്റേഷൻ കൗൺസിലുകളിൽ അതിന്റെ അധികാര പരിധി അനുസരിച്ച് പരിഗണിക്കും. സംരംഭകർ കേരള സംസ്ഥാനത്തിനുള്ളിൽ ഉദ്യം രജിസ്ട്രേഷൻ/ഉദ്യോഗ് ആധാർ മെമ്മോറാണ്ടം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരാകണം. സംരംഭകർ അവരുടെ പരാതികൾ https://samadhaan.msme.gov.in/ എന്ന വെബ്പോർട്ടൽ വഴി വേണ്ട രേഖകൾ ഉൾപ്പടെ അപേക്ഷ സമർപ്പിക്കണം.

സൂക്ഷ്മ ചെറുകിട സംരംഭകരുടെ പണമിടപാടുകളെ സംബന്ധിച്ചുള്ള പരാതി പരിഹാരത്തിന് മേഖലകളായി ഫെസിലിറ്റേഷൻ കൗൺസിൽ രൂപികരിച്ചതോടെ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്ക് ആശ്വസിക്കാം. വ്യവസായ മേഖല കൂടുതൽ സുതാര്യമാക്കാൻ ലക്ഷ്യമിട്ടും സർക്കാർ സംവിധാനങ്ങളുടെ കാര്യക്ഷമതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുന്നു എന്നത് സംരംഭകരുടെ ഭാവി സുരക്ഷിതമാക്കും. ■



KSSIA NEWS
SEPTEMBER 2023

# ജില്ലാ വാർത്തകൾ



കെ.എസ്.എസ്.ഐ.എ. പാലക്കാട് ജില്ല വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.



കെ.എസ്.എസ്.ഐ.എ. പാലക്കാട് ജില്ല ഓഫീസ് കെട്ടിടത്തിന്റെ പുരോഗതി സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീനും, വൈസ് പ്രസിഡന്റ് ഏബ്രഹാം കുര്യാക്കോസും ചേർന്ന് സന്ദർശിക്കുന്നു.



കെ.എസ്.എസ്.ഐ.എ. കോട്ടയം ജില്ല വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.



കേരള മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ്. പിള്ള. ഐ.എ. & എ.എസ്. (Retd) സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ കൂടിക്കാഴ്ച നടത്തുന്നു.



കെ.എസ്.എസ്.ഐ.എ.തിരുവനന്തപുരം ജില്ലാ ഘടകവും, ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവുമായുള്ള മുഖാമുഖം പരിപാടിയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഫസലുദ്ദീൻ ആശംസ പ്രസംഗം നടത്തുന്നു.



*Dream Vestor Grant Finale* ഉദ്ഘാടന ചടങ്ങിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് ഭദ്രദീപം കൊളുത്തുന്നു.

## നമ്മുടെ വ്യവസായം

കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം, ചീഫ് എഡിറ്റർ

## കെ.എസ്.എസ്.ഐ.എ കൊല്ലം ജില്ല



# യൂണിറ്റ് വാർഷിക പൊതുയോഗവും ജില്ലാ സമ്മേളനവും സംഘടിപ്പിച്ചു



ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നു.

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ) കൊല്ലം ജില്ല ഘടകത്തിന്റെ വാർഷിക പൊതുയോഗവും ജില്ലാ സമ്മേളനവും 2023 സെപ്റ്റംബർ മാസം 8-ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം 3 മണിക്ക് കൊല്ലം റോട്ടറി കമ്മ്യുണിറ്റി സെന്റർ (ബീച്ചിന് സമീപം) വെച്ച് ജില്ലാ പ്രസിഡന്റ് കെ.ജി. ലിജിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. കെ.എസ്.എസ്.എഫ് ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ സ്വാഗതം പറഞ്ഞു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവാണ്. കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലയിലെ ഏറ്റവും മികച്ച വ്യവസായികൾക്കുള്ള അവാർഡ് വിതരണവും പഠനത്തിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണവും ബഹു. മന്ത്രി നിർവഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഫസലുദ്ദീൻ, സംസ്ഥാന ജോ. സെക്രട്ടറി വി.കെ. ഹരിലാൽ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ തോമസ്, കെ.എസ്.ഐ.ഡി.സി. ഡെപ്യൂട്ടി ജനറൽ മാനേജർ വർഗ്ഗീസ് മാലാക്കാരൻ, കെ. എസ്.എസ്. ഐ.എ. ന്യൂസ് ചീഫ് എഡിറ്റർ എസ്. സലിം, കാനറാ ബാങ്ക് റീജിയണൽ മേധാവി കൃഷ്ണകുമാർ, ജില്ലാ വൈസ് പ്രസിഡന്റ് എ.ഷാജി, ട്രഷറർ എം. ജവഹർ, കെ.എസ്.എസ്.ഐ.എ. മുൻ ജില്ലാ പ്രസിഡന്റ് കെ. രാജീവ്, ജോ. സെക്രട്ടറി അഡ്വ. ഡി. സുധാകരൻ എന്നിവർ ആശംസകൾ അറിയിക്കുകയും പ്രസംഗിക്കുകയും ചെയ്തു. ബാങ്ക് ലോൺ മേളയും ചെറുകിട വ്യവസായ ഉല്പന്ന പ്രദർശന മേളയും നടത്തുകയും ചെയ്തു. ജില്ല സെക്രട്ടറി എം.ഹുസൈൻ നന്ദി പറഞ്ഞു. ■



കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ല വാർഷിക പൊതുയോഗത്തിൽ ബഹു. മന്ത്രി പി. രാജീവ് ഉദ്ഘാടന പ്രസംഗം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലയുടെ ഉപഹാരം ബഹു. മന്ത്രി പി. രാജീവ് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന് നല്കുന്നു.



KSSIA NEWS
SEPTEMBER 2023

## കെ.എസ്.എസ്.ഐ.എ എറണാകുളം ജില്ല



# വാർഷിക പൊതുയോഗവും, സീനിയർ അംഗങ്ങളെ ആദരിക്കലും അവാർഡ് വിതരണവും സംഘടിപ്പിച്ചു

കെ. എസ്.എസ്.ഐ.എ എറണാകുളം ജില്ല വാർഷിക പൊതുയോഗം കാക്കനാട് ചിറ്റിലപ്പിള്ളി സ്കെയറിൽ വെച്ച് നടന്നു. ജില്ല പ്രസിഡന്റ് എം. എ.അലിയുടെ അദ്ധ്യക്ഷതയിൽ വെച്ച് നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് ടോം തോമസ് സ്വാഗതം പറഞ്ഞു. എറണാകുളം ജില്ല കളക്ടർ എൻ.എസ്. കെ. ഉമേഷ് ഐ.എ.എസ് യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി വി.എം. ബിനു വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

ജില്ല ട്രഷറർ രാജേഷ്.ജി. ആഡിറ്റ് ചെയ്ത കണക്കുകൾ അവതരിപ്പിച്ചു. കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ്, ജനറൽ സെക്രട്ടറി പി.ജെ.ജോസ് എന്നിവർ പ്രത്യേക പ്രഭാഷണം നടത്തി. ഡെന്റ്കെയർ ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ ജോൺ കുര്യാക്കോസ് മുഖ്യാതിഥി ആയിരുന്നു. സെൻട്രൽ സോൺ സംസ്ഥാന വൈസ് പ്രസിഡന്റ് എബ്രഹാം കുര്യാക്കോസ്, സെൻട്രൽ സോൺ ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ, എറണാകുളം ജില്ലാ എം.എസ്. എം.ഇ. കോ- ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ഇൻ ചാർജ്ജ് കെ.എ. ജോസഫ്, കെ.എസ്.എസ്.എഫ്. ട്രഷറർ എൻ.ജെ. റാഫേൽ എന്നിവർ ആശംസാ പ്രസംഗം നടത്തി.

**NSIC, ESAF, Federal Bank, Tally, Dewton, PSN Automobile** തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അവരുടെ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെ സംബന്ധിച്ച് വിശദീകരിച്ചു. സിനിയർ അംഗങ്ങളെ മെമ്മന്റോയും പൊന്നാട നല്കിയും ആദരിച്ചു. എസ്.എസ്.എൽ.സി. പ്ലസ് ടു പരിക്ഷയിൽ ഫുൾ എ+ നേടിയ വ്യവസായികളുടെ മക്കൾക്ക് മെമ്മന്റോ നൽകി ആദരിച്ചു. ജോ. സെക്രട്ടറി എൻ.എ. അനീസ് എല്ലാവർക്കും നന്ദി പറഞ്ഞു. ■




കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ല വാർഷിക പൊതുയോഗം ജില്ല കളക്ടർ എൻ.എസ്.കെ. ഉമേഷ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു



കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ല വാർഷിക പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തുന്നു



കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ല വാർഷിക പൊതുയോഗത്തിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് പ്രത്യേക പ്രഭാഷണം നടത്തുന്നു.



ചന്ദ്രയാൻ ത്രീ യുടെ ഭാഗമായി പ്രവർത്തിച്ച കെ.എസ്.എസ്.എഫ്. മുൻ കൺവീനറും, കെ.എസ്. എസ്.ഐ.എ. ജനറൽ കൗൺസിൽ അംഗവുമായ സി. നാരായണൻ കുട്ടിക്ക് ജില്ല കളക്ടർ എൻ.എസ്. കെ.ഉമേഷ് മെമ്മന്റോ നല്കി ആദരിക്കുന്നു.

# നിർദ്ധന വിദ്യാർത്ഥിനിക്ക്

# SOPMA വീട് നിർമ്മിച്ച് നൽകി

## താക്കോൽദാനം വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് നിർവ്വഹിച്ചു




2022 നവംബറിൽ പെരുമ്പാവൂരിൽ സർക്കാർ ഗേൾസ് സ്ക്കൂളിൽ നടന്ന കലോൽസവ വേദിയിൽ, അസു ഖം മൂലം ജോലിക്ക് പോകാൻ കഴിയാത്ത പിതാവിന്റെ ചികിത്സയ്ക്കും, കുടുംബ ചെലവുകൾക്കും, വീടിന്റെ വാടക കൊടുക്കുന്നതിനും വേണ്ടി പായസം വിൽപ്പന നടത്തിയ വിദ്യാർത്ഥിനിയുടെ ചിത്രം പെരുമ്പാവൂർ മെട്രോ ചാനൽ റിപ്പോർട്ട് ചെയ്തത് SOPMA ഭാരവാഹികളുടെ ശ്രദ്ധയിൽപ്പെടുകയും തുടർന്ന് സോമിൽ ഓണേഴ്സ് ആന്റ് പ്ലൈവുഡ് മാന്യുഫാക്ചറേഴ്സ് അസ്സോസിയേഷന്റെ ഗ്രൂപ്പിൽ ചർച്ച നടത്തുകയും വിദ്യാർത്ഥിനിയു ടെ കുടുംബ പശ്ചാത്തലം ഭാരവാഹികൾ നേരിട്ട് പോയി അന്വേഷിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കുടുംബത്തിന് താമസിക്കു ന്നതിന് ആവശ്യമായ ഒരു വീട് നിർമ്മിച്ച് കൊടുക്കണമെന്ന് തീരുമാനിക്കുകയും SOPMA പ്രസിഡന്റ് എം.എം. മുജീബ് റഹിമാൻ മേഖല ഭാരവാഹികളുമായി ബന്ധപ്പെട്ട് ഫണ്ട് കളക്റ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതറിഞ്ഞ ഷെഫീർ പുളിയ്ക്കക്കുടി, മുടിയ്ക്കൽ എന്ന വ്യക്തി വീട് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യ മായി തരികയും ടി സ്ഥലത്ത് SOPMA നിർമ്മിച്ച് നല്കിയ ഭവനത്തിന്റെ താക്കോൽദാനം എം.എം. മുജിബ് റഹിമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് കുമാരി. ഫാത്തിമയ്ക്ക് ഭവനത്തിന്റെ താക്കോൽ നൽകി നിർവ്വഹിച്ചു.

ചടങ്ങിൽ ബാബു സെയ്ദാലി SOPMA ട്രഷറർ സ്വാഗതവും, ആശംസകൾ അർപ്പിച്ചു കൊണ്ട് എൽദോസ് കുന്നപ്പിള്ളി (പെരുമ്പാവൂർ എം.എൽ.എ), സനിത റഹിം (ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ്), ഗോപാൽ ഡിയോ (വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ), സി.പി. സുബൈറുദ്ദീൻ (വാർഡ് മെമ്പർ), റ്റി.എം. സക്കീർ ഹുസൈൻ (പെരുമ്പാവൂർ മുൻ മുനിസിപ്പൽ ചെയർമാൻ), പി.കെ.ഷെഫീക്ക് (SOPMA ആക്റ്റിങ്ങ് സെക്രട്ടറി), വി.എ. പരീത് (SOPMA വൈസ് പ്രസിഡന്റ്) എന്നിവർ സംസാരിച്ചു. SOPMA, ഓടയ്ക്കാലി മേഖല പ്രസിഡന്റും, ഭവന നിർമ്മാണ കമ്മിറ്റി ചെയർമാനുമായ എം. കെ. ജെമീർ കൃതജ്ഞതയും പറഞ്ഞു. ■

*With Best compliments from:*

**WESTERN VEENERS & PLYWOOD INDUSTRIES**
Erumathala.P.O., Aluva.

**ROCKWOOD ENTERPRISES**
Perumbavoor, Ernakulam.









Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.